# പന്ത്രണ്ടാം കേരള നിയമസഭ

## നിയമസഭാ നടപടികൾ പരിഷ്ക്കരിക്കുന്നതു സംബന്ധിച്ച സമിതി

കേരള നിയമസഭയുടെ സുവർണ്ണജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് 'നിയമസഭാ പ്രവർത്തനം എങ്ങനെ കൂടുതൽ മെച്ചപ്പെടുത്താം'എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച സെമിനാറിൽ ക്രിയാത്മകമായ പല നിർദ്ദേശങ്ങളും ഉയർന്നുവരികയുണ്ടായി. അതിന്റെ തുടർച്ചയായി നിയമസഭാ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനെ സംബന്ധിച്ചും നിയമസഭാ ചട്ടങ്ങൾ പരിഷ്ക്കരിക്കുന്നതിനെ സംബന്ധിച്ചും പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിന് ഒരു നിയമസഭാ സമിതി രൂപീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ ബഹു: നിയമസഭാ സ്പീക്കർ, നിയമവും പാർലമെന്ററി കാര്യവും വകുപ്പു മന്ത്രി ചെയർമാനായി 21 അംഗങ്ങളുള്ള ഒരു നിയമസഭാ സമിതി രൂപീകരിച്ചു. പ്രസ്തുത സമിതി അംഗീകരിച്ച താഴെക്കൊടുത്തിട്ടുള്ള ചോദ്യാവലിക്ക് പൊതുജനങ്ങൾ, സാമൂഹ്യ സാംസ്ക്കാരിക-രാഷ്ട്രീയ മണ്ഡലങ്ങളിലെ സംഘടനാ പ്രതിനിധികൾ, മാധ്യമ പ്രതിനിധികൾ എന്നിവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചു കൊള്ളുന്നു. അഭിപ്രായങ്ങളും നിർദ്ദേശങ്ങളും 2008 ഒക്ടോബർ 4-ാം തീയതിയ്ക്കകം സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, നിയമസഭാ കോംപ്ലക്സ്, വികാസ് ഭവൻ. പി. ഒ., തിരുവനന്തപുരം-33 എന്ന മേൽവിലാസത്തിൽ തപാൽ മാർഗ്ഗമോ secretary@niyamasabha.org എന്ന ഇ-മെയിൽ വിലാസത്തിലോ അയച്ചു തരാവുന്നതാണ്. ചോദ്യാവലി നിയമസഭാ സെക്രട്ടേറിയറ്റിലെ ടേബിൾ വിഭാഗത്തിൽ (ഫോൺ 0471-2512004,2512005) ലഭ്യമാണ്. ചോദ്യാവലി സെക്രട്ടറിയുടെ മേൽപ്പറഞ്ഞ വിലാസത്തിൽ അപേക്ഷിക്കുന്നവർക്ക് തപാലിൽ ലഭ്യമാക്കുന്നതുമാണ്. ഈ അവസരം വിനിയോഗിച്ച് നിയമസഭാ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ഏവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# പന്ത്രണ്ടാം കേരള നിയമസഭ

## നിയമസഭാനടപടികൾ പരിഷ്കരിക്കുന്നതു സംബന്ധിച്ച സമിതി

### പൊതുചോദ്യാവലി

1. നിയമസഭാ നടപടികളിൽ ചോദ്യോത്തര വേള മാത്രമേ ടെലികാസ്റ്റ് ചെയ്യുന്നതിന് ഇപ്പോൾ ദൃശ്യ മാധ്യമങ്ങൾക്ക് അനുവാദമുള്ളു. സഭാ നടപടികൾ പൂർണ്ണമായി ടെലികാസ്റ്റ് ചെയ്യണമെന്ന അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ ? വിശദമാക്കുക.

2. നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾക്കു ലഭിയ്ക്കുന്ന ഉത്തരം ചോദ്യോത്തര സമയം കഴിഞ്ഞ് നിയമസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു . ആയതു സംബന്ധിച്ച് എന്തെങ്കിലും പുതിയ നിർദ്ദേശമുണ്ടോ ?

3. നിയമ നിർമ്മാണപ്രക്രിയയിൽ കൂടുതൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കാൻ പര്യാപ്തമായ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

4. നിയമങ്ങളും ചട്ടങ്ങളും സാധാരണക്കാർക്ക് മനസ്സിലാക്കുവാൻ കഴിയുന്ന വിധം ലളിതമാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ എന്തൊക്കെ ?

5. നിയമസഭാ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കേണ്ടത് ?

6. കേരള നിയമസഭയുടെ പ്രവർത്തനം സംബന്ധിച്ച് മറ്റെന്തെങ്കിലും നിരീക്ഷണങ്ങളോ, പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് മറ്റെന്തെങ്കിലും നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ അവ കൂടി രേഖപ്പെടുത്തുക.

*****